സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

# കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

## കേരള സംസ്ഥാന യുവശാസ്ത്രജ്ഞ പുരസ്കാരം 2023

കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ ശ്രദ്ധേയമായ ഗവേഷണ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള യുവശാസ്ത്രജ്ഞരെ ആദരിക്കുന്നതിനായാണ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ ജനിച്ച കേരളത്തിൽ ശാസ്ത്ര- സാങ്കേതിക മേഖലകളിൽ ഗവേഷണം നടത്തുന്ന 37 വയസ്സ് വരെയുള്ള യുവശാസ്ത്രജ്ഞർക്ക് 14 വിഭാഗങ്ങളിലായി ഈ പുരസ്കാരത്തിന് അപേക്ഷിക്കാം. ഗവേഷണ പുരസ്കാരങ്ങൾക്കുള്ള നോമിനേഷൻസ് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം **15.10.2023** വരെ സമർപ്പിക്കാവുന്നതാണ്. പുരസ്കാര ജേതാക്കൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും മുഖ്യമന്ത്രിയുടെ സ്വർണ പതക്കവും ലഭിക്കും. തുടർന്ന് ഗവേഷണ പ്രോജക്ട് ചെയ്യുവാനുള്ള അവസരവും പ്രബന്ധാവതരണത്തിനായി വിദേശ സന്ദർശനത്തിനുള്ള യാത്രാ ഗ്രാന്റും ലഭിക്കുന്നതാണ്.

നിർദ്ദിഷ്ട മാതൃകയിൽ നാമനിർദ്ദേശങ്ങളും അനുബന്ധ രേഖകളും 15.10.2023 ന മുൻപായി **Director, Kerala State Council for Science, Technology & Environment, Sasthra Bhavan, Pattom, Thiruvananthapuram – 695004** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് : www.kscste.kerala.gov.in സന്ദർശിക്കുക